**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 18** **04-10-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സ്ത്രീധനവുമായി ബന്ധപ്പെട്ടും പൊതു ഇടങ്ങളിലും സ്ത്രീകൾക്കെതിരെയുള്ള അവഹേളനം, സൈബർ അതിക്രമം തുടങ്ങിയവ നേരിടുന്നതിനായി കേരള പോലീസ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ട്. സ്ത്രീധനവുമായി ബന്ധപ്പെട്ടതും, പൊതുഇടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അവഹേളനം, സൈബർ അതിക്രമം തുടങ്ങിയവ നേരിടുന്നതിനായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയായ ശ്രീമതി നിശാന്തിനി ഐ.പി.എസ്.നെ നോഡൽ ഓഫീസറായി നിയമിച്ചു കൊണ്ട് 'അപരാജിത' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം. സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പിങ്ക് പോലീസ് സംവിധാനം, വനിതാ സെൽ, വനിതാ ഹെൽപ്പ് ലൈൻ സംവിധാനം, Women Help Desk എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഗാർഹിക, സ്ത്രീധന അതിക്രമങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനും പീഡനങ്ങൾക്കിരയാവുന്നവർക്ക് സംരക്ഷണവും സഹായവും ലഭ്യമാക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത്; വിശദമാക്കാമോ; | (ബി) | ഗാർഹിക പീഡനങ്ങൾ നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ബോധവത്ക്കരണം നടത്തുന്നതിനുമായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് 2021 ജൂലൈ 19.ന് നിലവിൽ വന്നു. ഈ പദ്ധതി പ്രകാരം പിങ്ക് പോലീസ് ടീം, പിങ്ക് പട്രോൾ വെഹിക്കിൾ, മോട്ടോർ സൈക്കിൾ എന്നിവയിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ വീടുകളിൽ പോയി ഇത്തരത്തിൽ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങൾക്കെതിരെ ബോധവൽക്കരണവും ആവശ്യമായ നിയമ സഹായവും നൽകി വരുന്നു. ആക്രമണങ്ങൾക്ക് ഇരയാകുന്ന പെൺകുട്ടികൾക്ക് പോലീസ് സഹായം പെട്ടെന്ന് എത്തിക്കാനായി നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്ന് തവണ അമർത്തിയാൽ പോലീസ് ആസ്ഥാനത്തെ കമാന്റ് സെന്ററിൽ സന്ദേശം |

| | | | |
|---|---|---|---|
| | | | ലഭിക്കുകയും പോലീസ് ഉദ്യോഗസ്ഥൻ തിരികെ വിളിച്ച് വിവരം അന്വേഷിക്കുകയും അടിയന്തരമായ പോലീസ് സഹായം നൽകുകയും ചെയ്യും. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഗാർഹിക പീഡനങ്ങൾ തടയുന്നതിനും കുടുംബങ്ങളിൽ ജനാധിപത്യപരമായ നീതി ഉറപ്പ വരുത്തുന്നതിനുമായി എല്ലാ പോലീസ് ജില്ലകളിലും Domestic Conflict Resolution Centres (DCRC) സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിലേക്കായി നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഒന്നു വീതം ആകെ നാല് വനിതാ പോലീസ് സ്റ്റേഷൻ കൂടി സ്ഥാപിച്ചിട്ടുണ്ട്. വനിത-ശിശു വികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു. 1)ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്ന 'നിർഭയ' പദ്ധതി. 2) സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ഓൺലൈൻ കൺസൾട്ടൻസി 'കാതോർത്ത്' എന്ന സംവിധാനം. 3) ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വിക സന വകുപ്പും സഹകരിച്ച നടപ്പിലാക്കുന്ന 'രക്ഷാദൂത്' പദ്ധതി. 4) വനിതകളുമായി ബന്ധപ്പെട്ട പരാതികളിന്മേൽ പരിഹാരം കാണുന്നതിനായി വാട്ട്സാപ്പ് ഹെൽപ്പ് ലൈൻ 9400080292 പ്രവർത്തിക്കുന്നു. 5) സ്ത്രീകളുടെ പരാതികൾ കേൾക്കുന്നതിനായി '181 മിത്ര ഹെൽപ്പ് ലൈൻ' നിലവിലുണ്ട്. 6) ഗാർഹിക-ലൈംഗിക അതിക്രമത്തിന് ഇരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം തേടാൻ 'വൺസ്റ്റോപ്പ് സെന്ററുകൾ' പ്രവർത്തിച്ച് വരുന്നു. 7) കേരളത്തിലെ 14 ജില്ലകളിലും 'വനിതാ സംരക്ഷണ ഓഫീസറുടെ' സേവനം നിഴൽ പദ്ധതിയിലൂടെ ലഭ്യമാണ്. ഇതിനു പുറമെ, അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതകൾക്ക് സംസ്ഥാനത്ത് എവിടെനിന്നും ഏതു സമയത്തും ബന്ധപ്പെടാവുന്ന തരത്തിൽ 112 എന്ന നമ്പരിലുള്ള സേവനം പോലീസ് ആസ്ഥാനത്ത് സജ്ജീകരിച്ചിട്ടുള്ള ''കമാന്റ് സെന്ററി''ൽ ലഭ്യമാണ്. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ പരമാവധി കുറയ്ക്കുന്നതിന് ക്രൈം മാപ്പിംഗിന്റെ അടിസ്ഥാനത്തിലുള്ള ജനകീയ കാമ്പയിൻ സംഘടിപ്പിക്കുമെന്ന് പ്രകടന പത്രികയിൽ വാഗ്ദാനം നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കും. |

| | | | |
|---|---|---|---|
| (സി) | ശിഥിലമാകുന്ന കുടുംബ ബന്ധങ്ങളെ ഒരുമിപ്പിക്കുന്നതിനും കുട്ടികളിലെ മാനസിക പ്രശ്നങ്ങളിൽ നിന്ന് അവരെ മോചിപ്പിക്കുന്നതിനും ഉതകുന്ന കൗൺസിലിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് പദ്ധതിയാവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഉണ്ട്. ശിഥിലമാകുന്ന കുടുംബബന്ധങ്ങളെ ഒരുമിപ്പിക്കുന്നതിനായി വനിതാസെല്ലിന്റെ കീഴിൽ സാമൂഹികനീതി വകുപ്പിൽ നിന്നും പരിശീലനം നേടിയ ഉദ്യോഗസ്ഥർ കൗൺസിലിംഗ് നടത്തിവരുന്നു. ശിഥിലമാകുന്ന കുടുംബബന്ധങ്ങളെ ഒരുമിപ്പിക്കുന്നതിനും കുട്ടികളുടെ മാനസിക പ്രശ്നങ്ങളിൽ നിന്നും അവരെ മോചിപ്പിക്കുന്നതിനും ഉതകുന്ന കൗൺസിലിംഗ് സംവിധാനമായി CHIRI HELP DESK, പ്രായമായവരുടെ കൗൺസിലിംഗിനായി പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ശിഥിലമാകുന്ന കുടുംബബന്ധങ്ങളെ ഒരുമിപ്പിക്കുന്നതിന് കേരളത്തിലെ 38 കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. കുട്ടികളിലെ മാനസിക പ്രശ്നങ്ങളിൽ നിന്ന് അവരെ മോചിപ്പിക്കുന്നതിനും വകുപ്പിന്റെ കീഴിൽ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ നേതൃത്വത്തിൽ വിപുലമായ പാരന്റിംഗ് ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ടി പാരന്റിംഗ് ക്യാമ്പയിനിന്റെ ഭാഗമായി പാരന്റിംഗുമായി ബന്ധപ്പെട്ട വെബിനാറുകൾ, പാരന്റിംഗ് ക്ലിനിക്കുകൾ, കൂടാതെ ആയതുമായി ബന്ധപ്പെട്ട വിവിധ ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ